**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 696** **24-06-2026-ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** വനം-വന്യ ജീവി വകുപ്പ് പ്രസിദ്ധീകരിക്കുന്ന വാർഷിക റിപ്പോർട്ടുകളായ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്, അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടുകൾ എന്നിവ കൃത്യമായ ഇടവേളകളിൽ പ്രസിദ്ധീകരിക്കുന്നുണ്ടോ;

**മറുപടി:** പ്രസിദ്ധീകരിക്കുന്നുണ്ട്.

**(ബി)** നിലവിൽ ഏതു വർഷം വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവ എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

**മറുപടി:** നിലവിൽ 2023-24 വർഷത്തെ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അച്ചടിക്കുന്നതിനായി സർക്കാർ പ്രസ്സിൽ കൈമാറിയിട്ടുള്ളതുമാണ്. 2023-24 വർഷത്തെ ഭരണ റിപ്പോർട്ട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2024-25 വർഷത്തെ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടിന്റെയും ഭരണ റിപ്പോർട്ടിന്റെയും തയ്യാറാക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**(സി)** രണ്ട് റിപ്പോർട്ടുകളും സംയോജിപ്പിച്ചുകൊണ്ട് വാർഷിക റിപ്പോർട്ട് എന്ന പേരിൽ ഒറ്റ റിപ്പോർട്ടായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** രണ്ട് റിപ്പോർട്ടുകളും സംയോജിപ്പിച്ചുകൊണ്ട് വാർഷിക റിപ്പോർട്ട് എന്ന പേരിൽ ഒറ്റ റിപ്പോർട്ടായി പ്രസിദ്ധീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

**സെക്ഷൻ ഓഫീസർ**